പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2604 — 19/03/2015-ൽ മറുപടിയ്ക്ക്

## ചുമട്ടുതൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ശ്രീ. ജോസഫ് വാഴയ്ക്കൻ<br>" എം.പി. വിൻസെന്റ്<br>" ലൂഡി ലൂയിസ്<br>" ഷാഫി പറമ്പിൽ | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ചുമട്ട് തൊഴിലാളികളുടെ തൊഴിൽ നഷ്ടവും അതിനുള്ള പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. തൊഴിൽ മേഖലയിലെ തൊഴിൽ നഷ്ടവും, പരിഹാരവും സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീ. വർക്കല കഹാർ എം.എൽ.എ. ചെയർമാനായും ലേബർ കമ്മീഷണർ കൺവീനറായും കേന്ദ്ര ട്രേഡ് യൂണിയനുകളിൽ നിന്നും ഓരോ പ്രതിനിധികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഒരു സമിതിയെ നിയോഗിച്ചിരുന്നു. |
| (ബി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം ശിപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) & (സി) | ഉണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) എന്തെല്ലാം വിഷയങ്ങളാണ് കമ്മിറ്റി പഠന വിധേയമാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഡി) | ചുമട്ട് തൊഴിൽ മേഖലയിലെ പൊതുവായ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും, ചുമട്ട് തൊഴിൽ മേഖലയിലെ നോക്കുകൂലി, അമിത കൂലി തുടങ്ങിയവയും കൂടാതെ തൊഴിലാളികൾക്ക് മതിയായ തൊഴിൽ സംരക്ഷണവും, ന്യായമായ കൂലിയും സംബന്ധിച്ച വിഷയങ്ങളാണ് കമ്മിറ്റി പഠന വിധേയമാക്കിയത് |
| (ഇ) പ്രസ്തുത റിപ്പോർട്ടിൻമേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഇ) | പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിലെ തീരുമാനങ്ങളിന്മേൽ വ്യക്തമായ നടപടിക്രമം കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡും, തൊഴിൽ വകുപ്പും (ലേബർ കമ്മീഷണർ) ചേർന്ന് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം.

## ശുപാർശകൾ

എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ നടന്ന തെളിവെടുപ്പുകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും സെൻട്രൽ ട്രേഡ് യൂണിയൻ പ്രതിനിധികൾ, തൊഴിലാളി പ്രതിനിധികൾ, തൊഴിലുടമകൾ, ആൾ കേരള ഡിസ്ട്രിബ്യൂഷൻ അസോസിയേഷൻ പ്രതിനിധികൾ എന്നിവരുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും സർക്കാർ നിശ്ചയിച്ച സമിതി ആഴത്തിൽ വിലയിരുത്തുകയുണ്ടായി. ഈ സമിതിയുടെ വിശകലനത്തിന്റേയും വിലയിരുത്തലിന്റേയും അടിസ്ഥാനത്തിൽ ബഹു. വർക്കല കഹാർ എം.എൽ.എ ചെയർമാനായ സമിതി താഴെ കാണുന്ന ശുപാർശകൾ സർക്കാരിന്റെ സജീവ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

(1) വാണിജ്യാവശ്യത്തിന് കൊണ്ടുവരുന്ന മണ്ണ്, മണൽ, മെറ്റൽ, ഗ്രാവൽ, കരിങ്കല്ല് എന്നിവ മാത്രം ടിപ്പർ ലോറിയിൽ യന്ത്രസഹായത്താൽ അൺലോഡ് ചെയ്യുന്നതിന് അനുവദിക്കുകയും മറ്റുള്ളവയെല്ലാം കയറ്റിറക്ക് ചെയ്യുന്നതിനുള്ള അവകാശം ചുമട്ടു തൊഴിലാളികൾക്ക് നൽകുകയും ചെയ്യുക. എന്നാൽ ഈ അനുവദിക്കുന്ന ജോലികൾ നിർബന്ധമായും ചുമട്ടു തൊഴിലാളികൾ ചെയ്യേണ്ടതും ടിപ്പർ മുതലായ യന്ത്രവൽക്കരണത്തിലൂടെ ജോലി ചെയ്യാതെ കൂലി (നോക്കുകൂലി) വാങ്ങുവാൻ പാടുള്ളതുമല്ല.

(2) ജില്ലാതല കൂലി ഏകീകരണം നടത്തി 2 വർഷത്തിലൊരിക്കൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി കൂലി പുതുക്കി നിശ്ചയിക്കുക.

(3) നോക്കുകൂലി വാങ്ങൽ, കൈയ്യിൽ വേതനം വാങ്ങൽ എന്നിവയ്ക്കെതിരെ ബോധവൽക്കരണവും തിരിച്ചറിയൽ കാർഡ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിക്കുക.

(4) സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്കും ഒരു തൊഴിൽ ക്രമീകരണം കൊണ്ടുവരിക, സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ തൊഴിൽ ക്രമീകരണം ഉറപ്പാക്കുന്നതിന് , ക്ഷേമപദ്ധതികൾ ആകർഷകമാക്കുന്നതിനു വേണ്ടി ഗവൺമെന്റ് ബോർഡിന് ആവശ്യമായ ധനസഹായം നൽകുക, ക്ഷേമ ബോർഡിന്റെ സ്കാറ്റേർഡ് വിഭാഗം ക്ഷേമപദ്ധതിയിൽ അംഗത്വം എടുപ്പിക്കുകയും ചെയ്യുക, 6 മാസത്തിനകം ബോർഡിന്റെ ഏതെങ്കിലും ക്ഷേമപദ്ധതിയിൽ അംഗമല്ലാത്തവരുടെ കാർഡ് റദ്ദ് ചെയ്യുക, ഗുരുതരമായ അച്ചടക്ക ലംഘനം, നോക്കുകൂലി വാങ്ങൽ എന്നീ കുറ്റങ്ങൾ തെളിയിക്കപ്പെട്ടാൽ

മൂന്ന് മാസം മുതൽ 1 വർഷംവരെ കാർഡ് സസ്പെൻഡ് ചെയ്യൽ, ഗുരുതരമായ സാഹചര്യത്തിൽ കാർഡ് റദ്ദ് ചെയ്യുക,.

(5) ചുമട്ടു തൊഴിലാളി ക്ഷേമബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, ഇതുമായി ബന്ധപ്പെട്ട് താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണനയ്ക്കു വയ്ക്കുന്നു.

(എ) യൂണിയനുകൾ ബോർഡിന് പൂർണ്ണ സഹകരണം നൽകുക.

(ബി) വേതനം കൈയ്യിൽ വാങ്ങിക്കൊണ്ടുപോകുന്ന നടപടി കർശനമായി തടയുക.

(സി) എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുക.

(ഡി) ആയതിന് ആവശ്യമായ ഭേദഗതി നിയമത്തിൽ കൊണ്ടുവരിക.

(ഇ) സ്കാറ്റേർഡ്, അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളിക്ക് ആകർഷകമായ പദ്ധതികൾ തയ്യാറാക്കുക

(എഫ്) ബോർഡിന്റെ സ്റ്റാഫിന് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(ജി) തൊഴിലുടമകൾ ബോർഡിൽ രജിസ്ട്രേഷൻ നിർബന്ധമായും ചെയ്യുക

(എച്ച്)ജോലിക്കിടെ തൊഴിൽ തർക്കങ്ങളുണ്ടാവുകയാണെങ്കിൽ, പ്രൊട്ടസ്റ്റ് നിലനിർത്തികൊണ്ട് തൊഴിലാളികൾ ലോഡ് ഇറക്കി നൽകേണ്ടതും ഇതിനുശേഷം ഒരാഴ്ചയ്ക്കകം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തൊഴിൽ വകുപ്പ് പ്രശ്നം പരിഹരിക്കേണ്ടതുമാണ്.

(6) ബോർഡ് പരിധിയിൽ ഉള്ള സ്ഥലങ്ങളിൽ ചുമട്ടു തൊഴിലാളികൾക്ക് 26(എ) കാർഡ് നൽകുന്നതിന് ബോർഡിന്റെ ശുപാർശ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

(7) ഭാരമുള്ളതും ചുമട്ടു തൊഴിലാളികൾക്ക് നേരിട്ട് ഇറക്കാൻ വയ്യാത്തവ ക്രെയിൻ മുതലായ യന്ത്രസഹായത്താൽ സാധനങ്ങൾ ഇറക്കുന്ന കേസ്സുകളിൽ ചുമട്ടു തൊഴിലാളിക്ക് തൊഴിൽ ക്ലെയിം ഉണ്ടായിരിക്കുകയില്ല. ഉടമ ആവശ്യപ്പെടുന്ന പക്ഷം അവരെ നിയോഗിക്കേണ്ടതും, അവർക്ക് നിശ്ചിത കൂലി നിശ്ചയിക്കേണ്ടതുമാണ്. സമാനസ്വഭാവമുള്ള ജോലികളിൽ തൊഴിലാളികളുടെ സേവനം നിയോഗിക്കാവുന്നതും ആയതിന് ഒരു കേന്ദ്രീകൃത കൂലി സമ്പ്രദായം ഗവൺ നിശ്ചയിക്കേണ്ടതുമാണ്.

(8) ചുമട്ടുതൊഴിലാളികളുടെ ഐഡന്റിറ്റി കാർഡ് 5 വർഷം കൂടുമ്പോൾ തൊഴിൽ വകുപ്പ് വഴി പുതുക്കൽ നടത്തണം.

(9) തൊഴിലാളികൾ കുറവുള്ള പൂളുകളിൽ ആവശ്യത്തിന് തൊഴിലാളികളെ നിയോഗിക്കുവാൻ ബോർഡിനെ ചുമതലപ്പെടുത്തുക. പ്രവർത്തിയുടെ തോതിന്റെ അടിസ്ഥാനത്തിൽ ഇതിന് ഒരു കർശന മാനദണ്ഡം ഉണ്ടാകണം. ഒരു വണ്ടി വന്നാൽ 30 മിനിറ്റ് സമയത്തിനകം കയറ്റിറക്ക് ജോലി തുടങ്ങിയിരിക്കണം എന്ന് ഉറപ്പുവരുത്തുക.

(10) സെയിൽസ് വാനിൽ കൊണ്ടുവരുന്ന സാധനങ്ങൾ ഇറക്കുന്നത് സംബന്ധിച്ച് ലീഗൽ മെട്രോളജി നിയമത്തിലെ പാക്കേജ് കമോഡിറ്റീസ് ചട്ടം 2011-ൽ സൂചിപ്പിച്ചിരിക്കുന്നത് റീട്ടെയിൽ വ്യാപാരത്തിനുവേണ്ടി നിശ്ചയിച്ചിരിക്കുന്ന തൂക്കമായ 25 കിലോ/ 25 ലിറ്റർ വരെ വരുന്ന പാക്കേജുകൾ/പെട്ടികൾ വാഹനങ്ങളിൽ നിന്നും ഇറക്കുവാൻ വിതരണ വ്യാപാരികൾക്കോ അവരുടെ തൊഴിലാളികൾക്കോ അവകാശം ഉണ്ടായിരിക്കും. എന്നാൽ അപ്രകാരം അല്ലാത്ത ഉല്പന്നങ്ങൾ, നിർമ്മാതാക്കളിൽ നിന്നും നേരിട്ടു വ്യാപാര സ്ഥാപനങ്ങളിലെത്തുന്ന ഉല്പന്നങ്ങൾ എന്നിവയ്ക്ക് അംഗീകൃത ചുമട്ടു തൊഴിലാളികൾക്ക് ഇറക്കുവാനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(11) ചുമട്ടുതൊഴിലാളികളുടെ തൊഴിലിനെ സംബന്ധിക്കുന്ന കോടതി കേസുകളിൽ ഗവൺമെന്റും ബോർഡുള്ള സ്ഥലങ്ങളിൽ ബോർഡും കക്ഷി ചേരുക. കേസ്സുകൾ കാര്യക്ഷമമായി നടത്തുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുക.

സെക്ഷൻ ആഫീസർ

: